# Athmaraksha.org

തകർച്ചയുടെ വഴികൾ

## ഗർഭഛിദ്രം കുടുംബത്തിന്റെ അടിത്തറ ഇളക്കുന്നു




"കൊലയ്ക്കു കൊണ്ടുപോകുന്നവരെ മോചിപ്പിക്കുക; കൊലക്കളത്തിലേക്കു വലിച്ചിഴയ്ക്കപ്പെടുന്നവരെ രക്ഷപെടുത്തുക" (സുഭാഷിതങ്ങൾ 24:11).

"ജീവരക്തത്തിനു മനുഷ്യനോടും മൃഗത്തോടും ഞാൻ കണക്കുചോദിക്കും. ഓരോരുത്തനോടും സഹോദരന്റെ ജീവനു ഞാൻ കണക്കു ചോദിക്കും" (ഉൽപത്തി 9:5).

"കർത്താവിന്റെ ദാനമാണ് മക്കൾ, ഉദരഫലം ഒരു സമ്മാനവും" (സങ്കീർത്തനങ്ങൾ 127:3). "അവിടുന്നാണ് എന്റെ അന്തരംഗത്തിനു രൂപം നൽകിയത്; എന്റെ അമ്മയുടെ ഉദരത്തിൽ അവിടുന്ന് എന്നെ മെനഞ്ഞു. ഞാൻ അങ്ങയെ സ്തുതിക്കുന്നു;എന്തെന്നാൽ, അങ്ങ് എന്നെ വിസ്മയനീയമായി സൃഷ്ടിച്ചു; അവിടുത്തെ സൃഷ്ടികൾ അദ്ഭുതകരമാണ്. എനിക്കതു നന്നായി അറിയാം" (സങ്കീ 139:13-14).

"മാതാവിന്റെ ഉദരത്തിൽ നിനക്കു രൂപം നൽകുന്നതിനു മുൻപേ ഞാൻ നിന്നെ അറിഞ്ഞു; ജനിക്കുന്നതിനു മുൻപേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു; ജനതകൾക്കു പ്രവാചകനായി ഞാൻ നിന്നെ നിയോഗിച്ചു" (ജറെമിയാ 1:5).

"നിർദോഷനെ കൊല്ലാൻ കൈക്കൂലി വാങ്ങുന്നവൻ ശപിക്കപ്പെട്ടവനാകട്ടെ! ജനമെല്ലാം പറയണം: ആമേൻ" (നിയമാവർത്തനം 27:25).
"ദൈവമേ, അങ്ങയുടെ കാരുണ്യത്തിനൊത്ത് എന്നോടു ദയ തോന്നണമേ! അങ്ങയുടെ കാരുണ്യാതിരേകത്തിനൊത്ത് എന്റെ അതിക്രമങ്ങൾ മായിച്ചുകളയണമേ! എന്റെ അകൃത്യം നിശ്ശേഷം കഴുകിക്കളയണമേ! എന്റെപാപത്തിൽ നിന്ന് എന്നെ ശുദ്ധീകരിക്കണമേ! എന്റെ അതിക്രമങ്ങൾ ഞാനറിയുന്നു, എന്റെ പാപം എപ്പോഴും എന്റെ കൺമുൻപിലുണ്ട്" (സങ്കീർത്തനങ്ങൾ 51:1-3)